# Deepika

## 13 August 2018

## Kochi, After Flood, Operation Madadh

### ഓപ്പറേഷൻ മദദ്: വൈദ്യസഹായവുമായി നാവികസേന

**കൊച്ചി:** കേരളത്തിലെ വെള്ളപ്പൊക്കദുരിതബാധിത മേഖലകളിലേക്ക് ഓപ്പറേഷൻ മദദിന്റെ ഭാഗമായി ദക്ഷിണ നാവിക ആസ്ഥാനത്തെ കൂടുതൽ സേനാംഗങ്ങളെ അയച്ചു. വയനാട് ജില്ലയിൽ ദുരിതബാധിത മേഖലകളിലേക്കായി നാലു രക്ഷാസംഘങ്ങളേയും വിന്യസിച്ചിട്ടുണ്ട്. ദേശീയദുരന്തനിവാരണ സേന, ആർമി എന്നിവയുമായി സഹകരിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. വയനാട് തള്ളപ്പുഴ ദുരിതാശ്വാസ ക്യാമ്പിൽ ഒരു നാവിക ഡോക്ടറടക്കമുള്ള എട്ടംഗ വൈദ്യസംഘത്തേയും നിയോഗിച്ചിട്ടുണ്ട്. എറണാകുളം ജില്ലാ കളക്ടറുടെ നിർദേശത്തെ തുടർന്ന് അഞ്ചു മുങ്ങൽ വിദഗ്ധ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. നാലു സംഘങ്ങൾ ആലുവയിലും ഒരുസംഘം പിഴല ദ്വീപിലുമാണുള്ളത്. ആളുകളേയും അവശ്യസാധനങ്ങളും വിവിധ സ്ഥലങ്ങളിൽ എത്തിക്കുന്നതിനും നിരീക്ഷണത്തിനും കൃത്യമായ ഇടവേളകളിൽ വെള്ളപ്പൊക്കത്തിന്റെ തോത് റിപ്പോർട്ട് ചെയ്യുന്നതിനുമായി നാവികസേന ഹെലികോപ്ടറിന്റെ സേവനവും ഉണ്ട്.